**74/24-M**

**ചോദ്യ പുസ്തക ക്രമനമ്പർ**

**ചോദ്യപുസ്തക അക്ഷരകോഡ്**

**A**

A

**ചോദ്യങ്ങളുടെ ആകെ എണ്ണം : 100** **സമയം : 90 മിനിട്ട്**

**പരമാവധി മാർക്ക് : 100**

**ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ**

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യപുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A

1. രാജാറാം മോഹൻ റായ് ബംഗാളി ഭാഷയിൽ ആരംഭിച്ച പത്രം
   A) സ്വദേശി മിത്രം
   B) കേസരി
   C) സംബാദ് കൗമുദി
   D) ന്യൂ ഇന്ത്യ

2. ഇന്ത്യയിലെ ആദ്യത്തെ വനിതാ സർവകലാശാല സ്ഥാപിച്ചതാര് ?
   A) ഡോ. സാക്കീർ ഹുസൈൻ
   B) ഡി. കെ. കാർവെ
   C) എം. എ. അൻസാരി
   D) ജി. ജി. അഗാർക്കർ

3. വിഷ്ണു കൃഷ്ണ ചിപ്ലൂങ്കർ നിബന്ധമാല എന്ന കൃതി ഏതു ഭാഷയിലാണ് രചിച്ചത് ?
   A) ബംഗാളി
   B) മറാത്തി
   C) ഉർദു
   D) ഹിന്ദി

4. ഇന്ത്യൻ സൊസൈറ്റി ഓഫ് ഓറിയന്റൽ ആർട്സിന്റെ സ്ഥാപകൻ
   A) അമൃത ഷേർഗിൽ
   B) നന്ദലാൽ ബോസ്
   C) അബനീന്ദ്ര നാഥ ടാഗോർ
   D) ജോതി ബാഫൂലെ

5. ഇന്ത്യൻ ഭരണഘടനയുടെ ആമുഖം ഇതുവരെയായി എത്ര തവണ ഭേദഗതി ചെയ്തു ?
   A) ഒരു തവണ
   B) മൂന്നു തവണ
   C) രണ്ടു തവണ
   D) നാലു തവണ

6. ഐക്യ കേരള പ്രതിജ്ഞ എഴുതിയതാര് ?
   A) കെ. പി. കേശവമേനോൻ
   B) വി. ആർ. കൃഷ്ണനെഴുത്തച്ഛൻ
   C) എൻ. വി. കൃഷ്ണവാരിയർ
   D) കെ. അയ്യപ്പൻ

7. മൗലിക കടമകൾ എന്ന ആശയം ഇന്ത്യ ഏതു രാജ്യത്തിന്റെ ഭരണഘടനയിൽ നിന്നെടുത്തതാണ് ?
   A) ബ്രിട്ടൻ
   B) റഷ്യ
   C) അയർലണ്ട്
   D) കാനഡ

8. താഴെ പറയുന്നവരിൽ ആരാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസിഡന്റ് അല്ലാത്തത് ?
   A) ബാല ഗംഗാധര തിലക്
   B) ലാലാ ലജ്പത് റായ്
   C) ചിത്തരഞ്ജൻ ദാസ്
   D) ഗോപാൽ കൃഷ്ണ ഗോഖലെ

9. തുലാം പത്ത് സമരം എന്നറിയപ്പെടുന്ന സമരം ഏത് ?
   A) പുന്നപ്ര വയലാർ സമരം
   B) കല്ലുമാല സമരം
   C) ഇലക്ട്രിസിറ്റി സമരം
   D) കയ്യൂർ സമരം

10. താഴെ പറയുന്നവയിൽ ഏതാണ് 1806-ൽ നടന്നത് ?
   A) സന്ന്യാസി കലാപം
   B) മലബാർ കലാപം
   C) വെല്ലൂർ കലാപം
   D) ശിപായി കലാപം

11. ശ്രീനാരായണ ഗുരുവിനെ രണ്ടാം ബുദ്ധൻ എന്ന് വിശേഷിപ്പിച്ചതാര് ?

A) ജി. ശങ്കരക്കുറുപ്പ്
B) വാഗ്ഭടാനന്ദൻ
C) വൈകുണ്ഠസ്വാമികൾ
D) സി. കേശവൻ

12. വിവേകോദയത്തിന്റെ സ്ഥാപകൻ ആര് ?

A) കുമാരനാശാൻ
B) വള്ളത്തോൾ
C) ശ്രീനാരായണ ഗുരു
D) അയ്യങ്കാളി

13. ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തെ ''ഇന്ത്യയുടെ രാഷ്ട്രീയ ജാതകം'' എന്ന് വിശേഷിപ്പിച്ച വ്യക്തി ആര് ?

A) കെ. എം. മുൻഷി
B) ഡോ. ബി. ആർ. അംബേദ്കർ
C) ജവഹർലാൽ നെഹ്രു
D) സർദാർ വല്ലഭായ് പട്ടേൽ

14. 102-ാമത്തെ ഭരണഘടനാ ഭേദഗതിയിലൂടെ കൂട്ടിച്ചേർക്കപ്പെട്ട പുതിയ അനുച്ഛേദം

A) അനുച്ഛേദം 338 B
B) അനുച്ഛേദം 336
C) അനുച്ഛേദം 302
D) അനുച്ഛേദം 334 A

15. 6 മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം ഉറപ്പു വരുത്തുന്ന അനുച്ഛേദം

A) അനുച്ഛേദം 4 A
B) അനുച്ഛേദം 24
C) അനുച്ഛേദം 21 A
D) അനുച്ഛേദം 21

16. 2020 ആഗസ്റ്റിൽ മഹാത്മാഗാന്ധിയോടുള്ള ആദരസൂചകമായി നാണയം പുറത്തിറക്കിയ രാജ്യം

A) യുണൈറ്റഡ് കിങ്ഡം
B) ജർമ്മനി
C) സൗദി അറേബ്യ
D) റഷ്യ

17. യൂണിയൻ ലിസ്റ്റിന്റെ അധികാര പരിധിയിൽ പെടുന്നത് താഴെ പറയുന്നവയിൽ ഏതാണ് ?

A) വാർത്താ വിനിമയം
B) ജനസംഖ്യ നിയന്ത്രണം
C) വിദ്യുച്ഛക്തി
D) ക്രമ സമാധാനം

18. തന്നിട്ടുള്ള പ്രസ്താവനകളിൽ നാലാം പഞ്ചവത്സര പദ്ധതിയെ സംബന്ധിച്ച് ശരിയായവ ഏതെല്ലാം ?

i. 1969-74 കാലഘട്ടത്തിൽ നടപ്പിലാക്കി.
ii. മഹാനലോബിസ് മാതൃക എന്ന പേരിൽ പ്രസിദ്ധമായി.
iii. ഗാഡ്ഗിൽ മോഡൽ നടപ്പിലാക്കി.
iv. ഇന്ത്യയിലെ പ്രഥമ ബാങ്ക് ദേശസാത്ക്കരണം ഈ കാലഘട്ടത്തിൽ നടപ്പിൽ വന്നു.

A) i, ii, iii
B) ii, iii, iv
C) i, iii, iv
D) i, ii, iv

19. താഴെ പറയുന്നവയിൽ നീതി ആയോഗ് (NITI Aayog)നെ സംബന്ധിച്ച് തെറ്റായ പ്രസ്താവന ഏത് ?
   A) നീതി ആയോഗ് 2015 ജനുവരി 1 ന് രൂപീകരിക്കപ്പെട്ടു.
   B) ഇന്ത്യാഗവൺമെന്റിന്റെ പ്രധാന പരിപാടിയായ ചിന്താസംഭരണി (തിങ്ക് ടാങ്ക്) ആണ് നീതി ആയോഗ്.
   C) നീതി ആയോഗ് സഹകരണ ഫെഡറലിസത്തെ പ്രോത്സാഹിപ്പിക്കുന്നു.
   D) നീതി ആയോഗ് ഒരു ഭരണഘടനാ സംവിധാനമാണ്.

20. 1971-ൽ നടന്ന ഇന്ത്യ-പാകിസ്ഥാൻ യുദ്ധം ഏതു പേരിലാണ് വിശേഷിപ്പിക്കപ്പെട്ടത് ?
   A) ഓപ്പറേഷൻ സെർച്ച് ലൈറ്റ്
   B) ഓപ്പറേഷൻ ചെങ്കിസ്ഖാൻ
   C) ഓപ്പറേഷൻ വിജയ്
   D) ഓപ്പറേഷൻ ബ്ലൂസ്റ്റാർ

21. ''നമ്മുടെ ജീവിതത്തിൽ നിന്നും പ്രകാശം മറഞ്ഞുപോയിരിക്കുന്നു. എവിടെയും ഇരുട്ടാണ്.'' ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ ഈ വാക്കുകൾ ഏതു സംഭവത്തെക്കുറിച്ചാണ് ?
   A) ഇന്ത്യയുടെ വിഭജനം
   B) ജാലിയൻ വാലാബാഗ് സംഭവം
   C) ഇന്ത്യ-പാക് യുദ്ധം
   D) ഗാന്ധിജിയുടെ മരണം

22. സ്വാതന്ത്ര്യാനന്തരം ഇന്ത്യൻ യൂണിയൻ രൂപീകൃതമായപ്പോൾ യൂണിയനിൽ ചേരാൻ വിസമ്മതിച്ച നാട്ടുരാജ്യങ്ങളിൽ പെടാത്തത് ഏത് ?
   A) മൈസൂർ
   B) ഹൈദരാബാദ്
   C) കാശ്മീർ
   D) ജുനഗഡ്

23. 2023 ഒക്ടോബറിൽ നടൻ മമ്മൂട്ടിയോടുള്ള ആദരസൂചകമായി അദ്ദേഹത്തിന്റെ മുഖമുള്ള 10,000 പേഴ്സണലൈസ്ഡ് സ്റ്റാമ്പുകൾ പ്രകാശനം ചെയ്ത രാജ്യം ?
   A) സൗദി അറേബ്യ
   B) ഖത്തർ
   C) കാനഡ
   D) ഓസ്ട്രേലിയ

24. ഇന്ത്യയിലെ ഏറ്റവും വലിയ ആഴക്കടൽ തുറമുഖം
   A) കൊച്ചി
   B) മുംബൈ
   C) വിഴിഞ്ഞം
   D) വിശാഖപട്ടണം

25. തന്നിരിക്കുന്ന സംസ്ഥാനങ്ങളിൽ ഉത്തരപർവത മേഖലയുടെ ഭാഗമല്ലാത്ത സംസ്ഥാനങ്ങൾ ഏതെല്ലാമാണ് ?
   1. ത്രിപുര
   2. ഉത്തരാഖണ്ഡ്
   3. ഗുജറാത്ത്
   4. സിക്കിം
   5. മധ്യപ്രദേശ്

   A) 1 & 2 മാത്രം
   B) 2 & 4 മാത്രം
   C) 3 & 5 മാത്രം
   D) 1 & 4 മാത്രം

26. താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ആരവല്ലി പർവ്വതവുമായി ബന്ധ മില്ലാത്തത് കണ്ടെത്തുക.

A) ഇത് ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ള പർവതനിരയാണ്.

B) ഈ പർവതനിരയുടെ ഭാഗമാണ് മൗണ്ട് അബു.

C) ഈ പർവത നിരയിലെ ഏറ്റവും ഉയർന്ന കൊടുമുടിയാണ് ഗുരു ശിഖർ.

D) ഡൂൺ താഴ്വരകൾ സ്ഥിതി ചെയ്യുന്നത് ഈ പർവത നിരകളിലാണ്.

27. ഇന്ത്യയുടെ പടിഞ്ഞാറൻ തീരത്തിൽ ഉൾപ്പെടാത്ത തീരസമതലം കണ്ടെത്തുക.

A) വടക്കൻ സിർകാർസ് തീരം

B) മലബാർ തീരം

C) കൊങ്കൺ തീരം

D) ഗുജറാത്ത് തീരം

28. താഴെ തന്നിരിക്കുന്നവയിൽ നിന്ന് ശരിയായ ജോഡി കണ്ടെത്തുക.

A) ട്രാൻസ് ഹിമാലയ – ഖാസി കുന്നുകൾ

B) ഉപദ്വീപീയ പീഠഭൂമി – ചോട്ടാനാഗ്പൂർ

C) ഹിമാലയ – പൂർവ്വഘട്ടം

D) കിഴക്കൻ മലനിരകൾ – ലഡാക്ക്

29. നാല് ഇന്ത്യൻ സംസ്ഥാനങ്ങളെ വലിപ്പത്തിനനുസരിച്ച് ക്രമീകരിച്ചിരിക്കുന്നു. ശരിയായ ക്രമീകരണം കണ്ടെത്തുക.

A) രാജസ്ഥാൻ, മധ്യപ്രദേശ്, മഹാരാഷ്ട്ര, ഉത്തർപ്രദേശ്

B) രാജസ്ഥാൻ, മഹാരാഷ്ട്ര, ഉത്തർപ്രദേശ്, മധ്യപ്രദേശ്

C) രാജസ്ഥാൻ, ഉത്തർപ്രദേശ്, മധ്യപ്രദേശ്, മഹാരാഷ്ട്ര

D) മധ്യപ്രദേശ്, മഹാരാഷ്ട്ര, രാജസ്ഥാൻ, ഉത്തർപ്രദേശ്

30. അന്റോർണിയോ ഗുട്ടറസ്സ് ഇപ്പോൾ വാർത്തകളിൽ ഇടം നേടുന്ന വ്യക്തിയാണ്. ആരാണ് ഇദ്ദേഹം ?

A) ഇസ്രായേലിന്റെ പ്രസിഡന്റ്

B) പാലസ്തീനിന്റെ പ്രസിഡന്റ്

C) യു. എൻ. സെക്രട്ടറി ജനറൽ

D) അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി

31. പുതിയതായി അധികാരമേറ്റ സംസ്ഥാന മുഖ്യമന്ത്രിമാരുടെ പേരും അവരുടെ സംസ്ഥാനങ്ങളും നൽകിയിരിക്കുന്നു. അതിൽ തെറ്റായത് കണ്ടെത്തുക.

A) രാജസ്ഥാൻ – ഭജൻലാൽ ശർമ്മ

B) മധ്യപ്രദേശ് – മോഹൻ യാദവ്

C) തെലുങ്കാന – രേവന്ത് റെഡ്ഢി

D) ഛത്തീസ്ഗഡ് – ഭൂപേഷ് ബാഗേൽ

32. ഈ അടുത്ത കാലത്ത് വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുവാൻ ഇന്ത്യ ഉൾപ്പെടെ 33 രാജ്യങ്ങൾക്ക് വിസാ ഇളവ് അനുവദിച്ച രാജ്യം ഏതാണ് ?

A) റഷ്യ

B) ഇറാൻ

C) ഫ്രാൻസ്

D) നേപ്പാൾ

33. 2024-ലെ ലോകസഭാ തിരഞ്ഞെടുപ്പിന് ഒപ്പം നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന സംസ്ഥാനങ്ങൾ ഏതെല്ലാമാണ് ?

A) ആന്ധ്രാപ്രദേശ് – ഹരിയാന
B) ഒഡീഷ – ആന്ധ്രാപ്രദേശ്
C) മഹാരാഷ്ട്ര – തമിഴ്നാട്
D) ഹരിയാന – പഞ്ചാബ്

34. ചുവടെ നൽകിയിരിക്കുന്ന ജില്ലകളിൽ കർണാടകയുമായി അതിർത്തി പങ്കിടുന്ന കേരളത്തിലെ ജില്ലകൾ കണ്ടെത്തുക.

1. കണ്ണൂർ 2. കാസർഗോഡ് 3. തൃശൂർ 4. പാലക്കാട്

A) 1 & 2
B) 2 & 3
C) 3 & 4
D) 1 & 4

35. കേരളത്തിലെ മൊത്തം താലൂക്കുകളുടെ എണ്ണം എത്രയാണ് ?

A) 78
B) 63
C) 92
D) 67

36. താഴെ തന്നിരിക്കുന്നവയിൽ കൂട്ടത്തിൽ ചേരാത്തത് കണ്ടെത്തുക.

A) ശാസ്താംകോട്ട കായൽ
B) പൂക്കോട് തടാകം
C) അഷ്ടമുടി കായൽ
D) വെള്ളായനി തടാകം

37. പെരിയാർ നദിയുമായി ബന്ധമില്ലാത്ത പ്രസ്താവന കണ്ടെത്തുക.

A) ഈ നദി പശ്ചിമഘട്ടത്തിൽ നിന്ന് ഉത്ഭവിക്കുന്നു.
B) ഈ നദി വിശാലമായ ഡെൽറ്റാ സമതലം സൃഷ്ടിക്കുന്നു.
C) എറണാകുളം ജില്ലയിൽ വച്ചാണ് ഈ നദി അറബിക്കടലുമായി ചേരുന്നത്.
D) ഇടമലയാർ അണക്കെട്ട് ഈ നദിയുമായി ബന്ധപ്പെട്ടിരിക്കുന്നു.

38. തന്നിരിക്കുന്ന ജലവൈദ്യുത പദ്ധതികളിൽ ചേരാത്ത ജോഡി കണ്ടെത്തുക.

A) പള്ളിവാസൽ – ഇടുക്കി
B) ഷോളയാർ – പാലക്കാട്
C) കുറ്റ്യാടി – കോഴിക്കോട്
D) കല്ലട – കൊല്ലം

39. ചുവടെ തന്നിരിക്കുന്ന വന്യജീവി സങ്കേതങ്ങളിൽ ഇടുക്കി ജില്ലയുമായി ബന്ധമില്ലാത്തത് ഏതാണ് ?

A) കുറിഞ്ഞിമല
B) ചിന്നാർ
C) പെരിയാർ
D) ആറളം

40. വരയാടുകളെ പ്രധാനമായും കാണുന്ന ദേശീയോദ്യാനം ഏതാണ് ?

A) മതികെട്ടാൻചോല ദേശീയോദ്യാനം
B) ഇരവികുളം ദേശീയോദ്യാനം
C) സൈലന്റ്‌വാലി ദേശീയോദ്യാനം
D) പാമ്പാടുംചോല ദേശീയോദ്യാനം

41. കേരളത്തിലെ പ്രധാന മത്സ്യബന്ധന തുറമുഖങ്ങളും അവ സ്ഥിതി ചെയ്യുന്ന ജില്ലകളും തന്നിരിക്കുന്നു. യോജിക്കുന്നവ കണ്ടെത്തുക.

1. ബേപ്പൂർ – കോഴിക്കോട്
2. മുനമ്പം – എറണാകുളം
3. ശക്തികുളങ്ങര – ആലപ്പുഴ
4. തോപ്പുംപടി – തൃശ്ശൂർ
5. അഴീക്കൽ – കൊല്ലം

A) 1, 2, 3
B) 2, 3, 4
C) 1, 4, 5
D) 1, 2, 5

42. ഈ തവണത്തെ അർജുന അവാർഡിന് നിർദ്ദേശിക്കപ്പെട്ട മലയാളി താരം എം. ശ്രീശങ്കർ ഏത് കായിക ഇനവുമായി ബന്ധപ്പെട്ടിരിക്കുന്നു ?
A) ഹോക്കി B) അത്‌ലറ്റിക്സ് C) ഫുട്ബോൾ D) ക്രിക്കറ്റ്

43. ഇന്ത്യയിൽ നടക്കുന്ന നാല് തരം തിരഞ്ഞെടുപ്പ് താഴെ പറയുന്നു. അതിൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നടത്താത്ത തിരഞ്ഞെടുപ്പ് ഏതാണ് ?
A) ഇന്ത്യൻ പ്രസിഡന്റിന്റെ തിരഞ്ഞെടുപ്പ്
B) ലോകസഭ തിരഞ്ഞെടുപ്പ്
C) നിയമസഭ തിരഞ്ഞെടുപ്പ്
D) പഞ്ചായത്ത് തിരഞ്ഞെടുപ്പ്

44. നഗരങ്ങളിലെ തൊഴിൽരഹിതർക്ക് പ്രയോജനപ്പെടുന്ന പരിപാടി സർക്കാരിന്റെ ഏത് പദ്ധതിയുമായി ബന്ധപ്പെട്ടിരിക്കുന്നു ?
A) അന്ത്യോദയ അന്നയോജന
B) അന്നപൂർണ്ണ
C) സ്വർണ്ണ ജയന്തി ഷഹാരി റോസ്ഗാർ യോജന
D) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

45. ബ്രിട്ടീഷ് ഭരണത്തെ ''വെൺനീച ഭരണം'' എന്ന് വിശേഷിപ്പിച്ച സാമൂഹിക പരിഷ്കർത്താവ് ആര് ?
A) ചട്ടമ്പി സ്വാമികൾ B) വൈകുണ്ഠ സ്വാമികൾ
C) ശ്രീനാരായണ ഗുരു D) അയ്യങ്കാളി

46. ലോകത്ത് ഏറ്റവും കൂടുതൽ ചണം ഉൽപാദിപ്പിക്കുന്ന രാജ്യം ഏത് ?
A) ബ്രസീൽ B) ചൈന C) അമേരിക്ക D) ഇന്ത്യ

47. ആഹാരം നന്നായി ചവച്ചരച്ച് കഴിക്കണം എന്ന് പറയാൻ കാരണമെന്ത് ?
A) ആഹാരത്തിന്റെ രുചി അറിയാൻ
B) പല്ലിന് വ്യായാമം ലഭിക്കാൻ
C) ദഹനം സുഗമമാക്കാൻ
D) ആഹാരത്തിൽ ഹൈഡ്രോക്ലോറിക് ആസിഡ് കലരാൻ

48. ആപ്പിളിൽ അടങ്ങിയിരിക്കുന്ന ആസിഡ് ഏത് ?
A) ലാക്ടിക് ആസിഡ് B) മാലിക് ആസിഡ്
C) സിട്രിക് ആസിഡ് D) അസറ്റിക് ആസിഡ്

49. ഇന്ത്യയുടെ സൗരദൗത്യത്തിന്റെ പേരെന്ത് ?
A) ആദിത്യ L1 B) മംഗൾയാൻ C) ചന്ദ്രയാൻ D) ഗഗൻയാൻ

50. ഏകദിന ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ സെഞ്ചുറി നേടിയ ക്രിക്കറ്റ് താരം ആര് ?
A) രോഹിത് ശർമ്മ
B) K. L. രാഹുൽ
C) വിരാട് കോഹ്‌ലി
D) സച്ചിൻ ടെണ്ടുൽക്കർ

51. മികച്ച നടനുള്ള 69-ാമത് ദേശീയ ചലച്ചിത്ര പുരസ്കാരം 2023-ൽ നേടിയ നടൻ ആര് ?
A) അല്ലു അർജ്ജുൻ
B) മമ്മൂട്ടി
C) അമിതാഭ് ബച്ചൻ
D) രജനികാന്ത്

52. 2024-ലെ സമ്മർ ഒളിമ്പിക്സ് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന വേദി എവിടെയാണ് ?
A) ലണ്ടൻ
B) മോസ്കോ
C) ബീജിംങ്ങ്
D) പാരീസ്

53. നിശാന്ധത, സ്കർവി എന്നീ രോഗങ്ങൾ ഏത് വിഭാഗത്തിൽ ഉൾപ്പെടുന്നു ?
A) ജനിതകരോഗങ്ങൾ
B) തൊഴിൽജന്യരോഗങ്ങൾ
C) അപര്യാപ്തതാരോഗങ്ങൾ
D) ഇവയേതുമല്ല

54. താഴെ തന്നിരിക്കുന്നവയിൽ സങ്കരയിനം നെല്ലിനങ്ങൾ ഏവ ?
A) ലോല, മാലിക
B) കിരൺ, അർക്ക
C) സൂര്യ, ശ്വേത
D) പവിത്ര, അന്നപൂർണ്ണ

55. ഉപയോഗിച്ച ശേഷം അലക്ഷ്യമായി വലിച്ചെറിയുന്ന പ്ലാസ്റ്റിക്കിനെ സംബന്ധിച്ച് ശരിയല്ലാത്ത പ്രസ്താവന ഏത് ?
A) ദീർഘകാലം മണ്ണിൽ നശിക്കാതെ കിടക്കുന്നു.
B) മണ്ണിലേയ്ക്ക് ജലം ഇറങ്ങുന്നത് തടയുന്നു.
C) വേരുകളുടെ വളർച്ച തടസ്സപ്പെടുത്തുന്നു.
D) മണ്ണിലെ ജൈവവസ്തുക്കളെ വിഘടിപ്പിച്ച് ഫലപുഷ്ടി വർദ്ധിപ്പിക്കുന്നു.

56. എല്ലുകളുടേയും പല്ലുകളുടേയും നിർമ്മാണത്തിനും പേശികളുടേയും നാഡികളുടേയും പ്രവർത്തനത്തിനും ആവശ്യമായ മൂലകങ്ങൾ ഏതെല്ലാം ?
i. കാൽസ്യം
ii. സോഡിയം
iii. ഫോസ്ഫറസ്
iv. അയഡിൻ
A) i ശരി iii ശരി
B) ii ശരി iv ശരി
C) i തെറ്റ് ii ശരി
D) iii തെറ്റ് iv ശരി

57. താഴെ തന്നിരിക്കുന്നവയിൽ വംശനാശ ഭീഷണി നേരിടുന്ന ജീവികൾ ഏവ ?
i. സഞ്ചാരി പ്രാവ്
ii. മലമുഴക്കി വേഴാമ്പൽ
iii. മലബാർവെരുക്
iv. ക്വാഗ്ഗ
A) i ശരി ii തെറ്റ്
B) ii തെറ്റ് iv ശരി
C) ii ശരി iii ശരി
D) i ശരി iv ശരി

58. 2023-ൽ നിപ്പ വൈറസ് റിപ്പോർട്ട് ചെയ്യപ്പെട്ട ജില്ല

A) കോഴിക്കോട് B) വയനാട് C) പാലക്കാട് D) ഇടുക്കി

59. ഐക്യരാഷ്ട്ര സംഘടന 2023 എന്ത് വർഷമായാണ് ആചരിക്കുന്നത് ?

A) നെല്ല്
B) ജൈവ വൈവിധ്യം
C) മണ്ണ്
D) ചെറുധാന്യങ്ങൾ

60. ചില ലോഹങ്ങളും അവയുടെ അയിരുകളും താഴെ തന്നിരിക്കുന്നു. ശരിയല്ലാത്ത ജോഡി കണ്ടെത്തുക.

A) അലൂമിനിയം – ബോക്സൈറ്റ്
B) സിങ്ക് – ഗലീന
C) ഇരുമ്പ് – ഹേമറ്റൈറ്റ്
D) കോപ്പർ – കുപ്രൈറ്റ്

61. ഒരു വസ്തുവിന് അതിന്റെ ചലനം കൊണ്ട് ലഭ്യമാകുന്ന ഊർജ്ജമാണ് ഗതികോർജം. ഗതികോർജം താഴെ തന്നിരിക്കുന്നവയിൽ എന്തിനെയെല്ലാം ആശ്രയിക്കുന്നു ?

i. ഉയരം
ii. മാസ്
iii. പ്രവേഗം
iv. ഗുരുത്വാകർഷണ ബലം

A) i ഉം ii ഉം
B) iii ഉം iv ഉം
C) ii ഉം iii ഉം
D) i ഉം iv ഉം

62. എന്ത് കണ്ടുപിടുത്തവുമായി ബന്ധപ്പെട്ടാണ് മൗങ്ഗി ബവേൻഡി, ലൂയിസ് ഇ. ബ്രൂസ്, അലക്സി ഐ. ഇക്കിമോവ് എന്നിവർക്ക് 2023-ലെ രസതന്ത്രത്തിനുള്ള നോബൽ സമ്മാനം ലഭിച്ചത് ?

A) ക്ലിക്ക് കെമിസ്ട്രി
B) കോവിഡ് വാക്സിൻ
C) ഓർഗാനോ കറ്റാലിസിസ്
D) ക്വാണ്ടം ഡോട്ട്സ്

63. ശബ്ദ തരംഗവുമായി ബന്ധപ്പെട്ട് താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയല്ലാത്തവ കണ്ടെത്തുക.

i. വസ്തുക്കളുടെ കമ്പനം മൂലമാണ് ശബ്ദം ഉണ്ടാകുന്നത്.
ii. ശബ്ദത്തിന് സഞ്ചരിക്കുവാൻ ഒരു മാധ്യമം ആവശ്യമാണ്.
iii. സാധാരണഗതിയിൽ ഒരാൾക്ക് 20 ഹെട്സ് മുതൽ 20000 ഹെട്സ് വരെ ആവൃത്തിയിലുള്ള ശബ്ദം കേൾക്കാൻ കഴിയും.
iv. ശബ്ദം ഏറ്റവും വേഗത്തിൽ സഞ്ചരിക്കുന്നത് വായുവിലാണ്.

A) i മാത്രം
B) ii ഉം iii ഉം
C) iv മാത്രം
D) iii മാത്രം

64. ചന്ദ്രയാൻ-3 യുടെ വിക്ഷേപണത്തിന്റെ അവസാന ഘട്ടത്തിലുള്ള ക്രയോജനിക് എഞ്ചിനിൽ ഉപയോഗിച്ചിരിക്കുന്ന പ്രൊപ്പല്ലന്റ് ഏത് ?

A) ബ്യൂട്ടെയ്ൻ

B) ദ്രാവക അമോണിയ

C) സൾഫർ ഡയോക്സൈഡ്

D) ദ്രാവക ഹൈഡ്രജനും, ദ്രാവക ഓക്സിജനും

65. X എന്ന മൂലകത്തിന്റെ ഇലക്ട്രോൺ വിന്യാസം 2, 8, 1 ആയാൽ ആ മൂലകത്തിലെ ആകെ ഷെല്ലുകളുടെ എണ്ണം എത്ര ?

A) 3 B) 2 C) 8 D) 11

66. ഹൈഡ്രജൻ വാതകത്തെ സംബന്ധിച്ച് താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായവ കണ്ടെത്തുക.

i. ഹൈഡ്രജൻ വാതകം കണ്ടുപിടിച്ചത് ഹെൻട്രി കാവൻഡിഷാണ്.

ii. ഹൈഡ്രജൻ ഒരു ലോഹമാണ്.

iii. ഹൈഡ്രജന്റെ ഒരു ഐസോടോപ്പ് ആണ് റേഡിയം.

iv. സൂര്യനിലെയും നക്ഷത്രങ്ങളിലെയും മുഖ്യഘടകം ഹൈഡ്രജനാണ്.

A) i ഉം iii ഉം B) ii ഉം iii ഉം

C) i ഉം iv ഉം D) മുകളിൽ ഉള്ളവയെല്ലാം

67. ജലജന്യരോഗമായ ഡയേറിയയ്ക്ക് കാരണമായ രോഗാണു ?

A) ബാക്ടീരിയ B) വൈറസ്

C) ഫംഗസ് D) പ്രോട്ടോസോവ

68. കൊതുക് നശീകരണത്തിലൂടെ പ്രതിരോധിക്കാൻ കഴിയുന്ന രോഗങ്ങൾ ഏവ ?

i. മഞ്ഞപ്പിത്തം ii. മന്ത് iii. മീസൽസ് iv. മലമ്പനി

A) i ശരി iii ശരി B) ii തെറ്റ് iii ശരി

C) iii ശരി iv തെറ്റ് D) ii ശരി iv ശരി

69. ഭക്ഷണത്തിൽ ഉൾപ്പെടുത്തേണ്ട നാരുകളെ സംബന്ധിച്ച പ്രസ്താവനകളിൽ ശരിയായവ കണ്ടെത്തുക.

i. സസ്യാഹാരത്തിലൂടെ ലഭിക്കുന്നതും എന്നാൽ ശരീരത്തിന് ദഹിപ്പിക്കാൻ കഴിയാത്തതുമായ ഒരു തരം ധാന്യകമാണിത്.

ii. ശരീര നിർമ്മിതിക്കും വളർച്ചയ്ക്കും സഹായിക്കുന്നു.

iii. ഇവ സെല്ലുലോസ് കൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്.

iv. ഊർജ്ജ ഉൽപാദനത്തിന് സഹായിക്കുന്നു.

A) i ശരി iii ശരി B) ii ശരി iv ശരി

C) i തെറ്റ് ii ശരി D) iii തെറ്റ് iv ശരി

70. ഹൃദയമിടിപ്പ് അറിയാനുള്ള ഉപകരണമാണ്

A) തെർമോമീറ്റർ
B) സ്റ്റെതസ്കോപ്പ്
C) ബാരോമീറ്റർ
D) ലാക്ടോമീറ്റർ

71. വാക്സിനുകളുമായി ബന്ധപ്പെട്ട് നൽകിയിരിക്കുന്ന പ്രസ്താവനകളിൽ ശരിയല്ലാത്തത് ഏത് ?

A) വാക്സിനുകൾ എല്ലാം കുത്തിവയ്പ്പിലൂടെ നൽകുന്നവയാണ്.
B) രോഗങ്ങളെ പ്രതിരോധിക്കാൻ ശരീരത്തിന് കൃത്രിമമായി കഴിവ് നേടികൊടുക്കുന്ന വസ്തുക്കളാണ്.
C) ഡോ. എഡ്വേർഡ് ജന്നറാണ് ആധുനിക പ്രതിരോധ കുത്തിവയ്പ്പിന് തുടക്കം കുറിച്ചത്.
D) ജനനം മുതൽ വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ നൽകുന്ന വാക്സിനുകൾ ഇപ്പോൾ നിലവിലുണ്ട്.

72. വൈറ്റ് കെയിൻ, ടാക്റ്റൈൽ വാച്ച്, ടോക്കിങ് വാച്ച് പോലുള്ള സംവിധാനങ്ങൾ ഏത് ജ്ഞാനേന്ദ്രിയവുമായി ബന്ധപ്പെട്ടിരിക്കുന്നു ?

A) കണ്ണ്
B) ചെവി
C) മൂക്ക്
D) നാക്ക്

73. താഴെ തന്നിരിക്കുന്നവയിൽ നിന്നും ശരിയായ ജോഡി കണ്ടെത്തുക.

A) ക്ഷയം – വൈറസ്
B) ചിക്കൻപോക്സ് – പ്ലാസ്മോഡിയം
C) മലേറിയ – ഫംഗസ്
D) ഡയേറിയ – ബാക്ടീരിയ

74. ജീവിതശൈലീ രോഗവുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള പ്രസ്താവനകളിൽ ശരിയായിട്ടുള്ളവ കണ്ടെത്തുക.

i. ഭക്ഷണ ശീലത്തിൽ വന്ന മാറ്റങ്ങൾ വ്യായാമമില്ലായ്മ എന്നിവ രോഗങ്ങൾക്കു കാരണമാകുന്നു.
ii. പുകവലി, മദ്യപാനം, മാനസിക സംഘർഷം എന്നിവ രോഗത്തെ ക്ഷണിച്ചു വരുത്തുന്നു.
iii. അണുബാധ.
iv. ജീനുകൾക്ക് ഉണ്ടാകുന്ന തകരാറുകൾ.

A) i ശരി ii ശരി
B) iii ശരി iv ശരി
C) ii തെറ്റ് iii ശരി
D) iii ശരി iv തെറ്റ്

75. വിറ്റാമിനുകളുമായി ബന്ധപ്പെട്ട പ്രസ്താവനകളിൽ ശരിയല്ലാത്തത് ഏത് ?

A) വിറ്റാമിൻ K രക്തം കട്ടപിടിക്കാൻ സഹായിക്കുന്നു.

B) വിറ്റാമിൻ C കൊഴുപ്പിൽ ലയിക്കുന്നവയാണ്.

C) വിറ്റാമിൻ D സൂര്യപ്രകാശം ഏൽക്കുമ്പോൾ ശരീരത്തിൽ നിർമ്മിക്കപ്പെടുന്നു.

D) വിറ്റാമിൻ B വെള്ളത്തിൽ ലയിക്കുന്നവയാണ്.

76. കേരളത്തിൽ വ്യാപകമായ ഡെങ്കിപ്പനി, ചിക്കുൻഗുനിയ പോലുള്ള രോഗങ്ങൾ പകരാതിരിക്കുന്നതിന് സ്വീകരിക്കാവുന്ന മുൻകരുതലുകൾ എന്തെല്ലാമാണ് ?

i. ചുറ്റുപാടുകളിൽ വെള്ളം കെട്ടിനിൽക്കാൻ അനുവദിക്കരുത്.

ii. തിളപ്പിച്ചാറിയ വെള്ളം കുടിക്കുക.

iii. ആഹാര പദാർത്ഥങ്ങൾ അടച്ചു സൂക്ഷിക്കുക.

iv. കൊതുകുവല പോലുള്ള ഉപായങ്ങൾ സ്വീകരിക്കുക.

A) i തെറ്റ് ii ശരി

B) ii ശരി iii ശരി

C) i ശരി iv ശരി

D) i തെറ്റ് iii ശരി

77. ഡിവൈസ് ക്ലോഷർ എന്നറിയപ്പെടുന്ന ചികിത്സാരീതി ഏത് അവയവവുമായി ബന്ധപ്പെട്ടിരിക്കുന്നു ?

A) ഹൃദയം

B) ശ്വാസകോശം

C) വൃക്ക

D) കരൾ

78. അടുത്തിടെ GI TAG ലഭിച്ച ചോക്കുവ അരി ഏതു സംസ്ഥാനത്തെ മാന്ത്രിക അരി എന്നറിയപ്പെടുന്നു ?

A) ബീഹാർ B) ബംഗാൾ C) ആസാം D) മേഘാലയ

79. 2023 ഓഗസ്റ്റിൽ EG 5.1 (ERIS) എന്ന കോവിഡ് വകഭേദം റിപ്പോർട്ട് ചെയ്ത ഇന്ത്യൻ സംസ്ഥാനം

A) കർണ്ണാടക

B) ഗുജറാത്ത്

C) ഉത്തർപ്രദേശ്

D) മഹാരാഷ്ട്ര

80. ഇന്ത്യയിൽ ആദ്യമായി ജല ബജറ്റ് തയ്യാറാക്കുന്ന സംസ്ഥാനം

A) കേരളം

B) കർണ്ണാടക

C) തമിഴ്നാട്

D) ഉത്തർപ്രദേശ്

81. $32^2 = 1024$ ആയാൽ 0.001024 ന്റെ വർഗ്ഗമൂലം എത്ര ?

A) 320 B) 0.032 C) 0.32 D) 0.0032

82. 28 എന്ന ഭാജ്യസംഖ്യയുടെ ഘടകങ്ങളുടെ എണ്ണം

A) 6 B) 3 C) 9 D) 8

83. 3 + 6 + 9 + ... + 180 എത്ര ?

A) 5490 B) 4950

C) 5400 D) ഇതൊന്നുമല്ല

84. $3 \times 10 + 5 \times 1 + \frac{8}{10} + \frac{3}{1000}$ എത്ര ?

A) 35.83 B) 35.083 C) 35.0083 D) 35.803

85. x ന്റെ 15% ഉം y യുടെ 40% ഉം തുല്യമായാൽ x:y കാണുക.

A) 5:3 B) 8:3 C) 3:5 D) 3:8

86. ഒരു തീവണ്ടിയുടെ ശരാശരി വേഗത 90 കി.മീ./മണിക്കൂർ എങ്കിൽ ആ തീവണ്ടി 15 മിനിറ്റ് കൊണ്ട് സഞ്ചരിക്കുന്ന ദൂരം എന്ത് ?

A) 45 കി. മീ. B) 30 കി. മീ. C) 22.5 കി. മീ. D) 25 കി. മീ.

87. 1,250 രൂപ 5% സാധാരണ പലിശ നിരക്കിൽ ഒരു ബാങ്കിൽ നിക്ഷേപിച്ചാൽ 1,750 രൂപ കിട്ടുന്നതിന് എത്ര വർഷം വേണം ?

A) 4 B) 5 C) 7 D) 8

88. ഒരു തൊഴിലാളിയുടെ തുടർച്ചയായ 5 ദിവസത്തെ കൂലി 800, 760, 780, 750, 720 രൂപ എന്നിവയാണ്. 6 ദിവസത്തെ ശരാശരി കൂലി 775 രൂപ ആയാൽ 6-ാം ദിവസത്തെ കൂലി എത്ര ?

A) 750 B) 820 C) 740 D) 840

89. ഒരു സംഖ്യയുടെ 40% 160 ആയാൽ ആ സംഖ്യയുടെ 30% എത്ര ?

A) 120 B) 180 C) 100 D) 110

90. $\frac{48 - 12 \times 3 + 8}{10 - 18 \div 3} =$ ________ ?

A) 16 B) 5 C) 12 D) 18

91. കൂട്ടത്തിൽ പെടാത്തത് ഏത് ?

A) $\frac{16}{10}$ B) $1\frac{3}{5}$ C) $\frac{5}{8}$ D) $\frac{8}{5}$

92. 10 പേർ പരസ്പരം ഹസ്തദാനം ചെയ്താൽ ആകെ എത്ര ഹസ്തദാനം ഉണ്ടാകും ?

A) 90 B) 45 C) 40 D) 50

93. താഴെ തന്നിരിക്കുന്ന സംഖ്യകൾ അവരോഹണക്രമത്തിൽ എഴുതുമ്പോൾ മൂന്നാമതായി വരുന്ന സംഖ്യ ഏത് ?
115, 125, 105, 145, 118, 121, 119

A) 118 B) 125 C) 121 D) 115

94. BDE, EGH, HJK .... എന്ന ശ്രേണിയിലെ അടുത്തപദം ഏത് ?

A) JLM B) KMN C) JMN D) KLM

95. ഒറ്റയാനെ കണ്ടെത്തുക.

A) 8:33 B) 12:37 C) 7:22 D) 15:46

96. അജയന് വിജയനേക്കാൾ 10 വയസ് കൂടുതലാണ്. അടുത്ത വർഷം അജയന്റെ പ്രായം വിജയന്റെ പ്രായത്തിന്റെ ഇരട്ടി ആകും. എങ്കിൽ വിജയന്റെ വയസ് എത്ര ?

A) 5 B) 12 C) 9 D) 7

97. 9 കൊണ്ട് ഹരിക്കുമ്പോൾ 3 ഉം 12 കൊണ്ട് ഹരിക്കുമ്പോൾ 6 ഉം 14 കൊണ്ട് ഹരിക്കുമ്പോൾ 8 ഉം ശിഷ്ടം വരാവുന്ന ഏറ്റവും ചെറിയ സംഖ്യ ഏത് ?

A) 252 B) 246 C) 168 D) 264

98. "SUN"എന്ന വാക്ക് RTTVMO എന്ന് കോഡ് ചെയ്താൽ "PEN" എന്ന വാക്ക് എങ്ങനെ കോഡ് ചെയ്യാം ?

A) OQDFMO B) OPEFMO C) QOFDOM D) OPDFOM

99. $\frac{1}{5}+\frac{1}{5^2}+\frac{1}{5^3}$ = ________ ?

A) 0.248 B) 0.310 C) 0.428 D) 0.284

100. $2^3 \times 3^2$, $2^2 \times 3^3$ എന്നീ സംഖ്യകളുടെ ലസാഗു എന്ത് ?

A) 36 B) 72 C) 216 D) 512

**FINAL ANSWER KEY**
**Question Paper Code:074/2024 M**
**Question Paper Medium:Malayalam**
**Category Code:698/2022**
**Name Of Post & Department:OFFICE ATTENDANT GR.II /MESSENGER / NIGHT WATCHMAN (Kerala**
**Date Of Test:25-Jun-2024**

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 1 | C | C | A | C |
| 2 | B | A | A | A |
| 3 | B | A | A | C |
| 4 | C | A | A | C |
| 5 | A | A | C | B |
| 6 | C | A | A | B |
| 7 | B | A | C | A |
| 8 | A | C | A | A |
| 9 | A | A | A | A |
| 10 | C | C | C | B |
| 11 | A | B | B | A |
| 12 | A | A | B | A |
| 13 | A | B | C | C |
| 14 | A | C | B | A |
| 15 | C | A | A | A |
| 16 | A | C | C | C |
| 17 | A | B | A | A |
| 18 | C | C | A | D |
| 19 | D | D | X | C |
| 20 | X | A | C | D |
| 21 | D | X | C | D |
| 22 | A | D | D | C |
| 23 | D | D | D | X |
| 24 | C | C | D | A |
| 25 | C | X | B | A |
| 26 | D | B | D | C |
| 27 | A | D | B | B |
| 28 | B | B | D | C |
| 29 | A | D | B | D |
| 30 | C | B | B | A |
| 31 | D | A | C | X |
| 32 | B | C | D | B |
| 33 | B | B | A | D |
| 34 | A | B | X | B |
| 35 | A | B | B | A |
| 36 | C | A | D | C |
| 37 | B | A | B | B |
| 38 | B | C | A | D |
| 39 | D | D | C | B |
| 40 | B | C | A | D |
| 41 | X | D | A | B |
| 42 | B | A | C | B |
| 43 | D | B | B | A |
| 44 | C | D | C | A |
| 45 | B | A | D | C |
| 46 | D | C | D | A |
| 47 | C | A | C | D |
| 48 | B | C | A | D |
| 49 | A | D | C | B |
| 50 | C | B | A | C |

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 51 | A | B | B | C |
| 52 | D | C | B | B |
| 53 | C | D | C | A |
| 54 | D | A | C | D |
| 55 | D | C | D | C |
| 56 | A | D | D | A |
| 57 | C | D | A | D |
| 58 | A | A | D | D |
| 59 | D | C | A | C |
| 60 | B | C | C | C |
| 61 | C | A | C | B |
| 62 | D | D | B | C |
| 63 | C | D | A | D |
| 64 | D | C | D | C |
| 65 | A | B | C | D |
| 66 | C | C | D | A |
| 67 | A | D | B | A |
| 68 | D | A | C | A |
| 69 | A | A | D | A |
| 70 | B | C | A | D |
| 71 | A | B | A | A |
| 72 | A | C | D | C |
| 73 | D | A | A | A |
| 74 | A | A | C | B |
| 75 | B | A | D | D |
| 76 | C | B | A | A |
| 77 | A | D | A | B |
| 78 | C | A | A | C |
| 79 | D | A | A | D |
| 80 | A | D | B | A |
| 81 | B | C | C | C |
| 82 | A | B | B | D |
| 83 | A | A | C | D |
| 84 | D | A | B | A |
| 85 | B | C | A | B |
| 86 | C | C | B | C |
| 87 | D | B | A | B |
| 88 | D | C | A | A |
| 89 | A | B | D | A |
| 90 | B | A | B | C |
| 91 | C | C | C | B |
| 92 | B | D | B | A |
| 93 | C | D | A | A |
| 94 | B | A | A | D |
| 95 | A | B | C | B |
| 96 | C | B | C | C |
| 97 | B | A | D | B |
| 98 | A | A | D | C |
| 99 | A | D | A | B |
| 100 | C | B | B | A |

'X' denotes deletion

Approved For Publication
Sd/-
Section officer